# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *111 11/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

ചോദ്യം

**ശ്രീ.കെ.എൻ.എ ഖാദർ**
**,, എൻ. ഷംസുദ്ദീൻ**
**,, കെ.എം.ഷാജി**
**,, എം.ഉമ്മർ**

എ) ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറുടെ കീഴിലാക്കുവാനും എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാനും ഈ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമൂലം ഹെഡ്മാസ്റ്റർമാരും മറ്റ് അദ്ധ്യാപകരും വിദ്യാർത്ഥികളും അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) പ്രസ്തുത ലയനം കാരണം എന്ത് ഗുണപരമായ മാറ്റമാണ് സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് വരാൻ പോകുന്നതെന്ന് വിശദമാക്കാമോ;

സി) വേണ്ടത്ര ആലോചനയില്ലാതെയും അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും അഭിപ്രായങ്ങൾ തേടാതെയും നടപ്പിലാക്കാൻ പോകുന്ന

മറുപടി

**പ്രൊഫ.സി.രവീന്ദ്രനാഥ്**
(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ), ബി) & സി) സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഗുണപരമായ മാറ്റങ്ങളിലൂടെ അക്കാദമിക മികവ് ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം തത്വത്തിൽ സർക്കാർ അംഗീകരിച്ചിരുന്നു. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായുള്ള വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് റിപ്പോട്ടിന്റെ ഭാഗം ഒന്നിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുസമൂഹത്തിൽ നിന്നും അഭിപ്രായങ്ങൾ തേടുകയുണ്ടായി. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായി ആശയവിനിമയം നടത്തിയതായും റിപ്പോർട്ടിൽ

| | |
|---|---|
| ഈ പദ്ധതി സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുമെന്ന പരാതികളുടെ നിജസ്ഥിതി പരിശോധിക്കപ്പെട്ടിട്ടുണ്ടോ; ഈ കാര്യങ്ങൾ തിരക്കിട്ട് നടപ്പിലാക്കുന്നതിൽ നിന്നും പിന്മാറുമോയെന്ന് വ്യക്തമാക്കുമോ? | സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെക്കുറിച്ച് അദ്ധ്യാപക/അനദ്ധ്യാപക/ വിദ്യാർത്ഥി / സർവ്വീസ് സംഘടന/മാനേജ്മെന്റ്/ തദ്ദേശസ്വയംഭരണ മേധാവികൾ എന്നിവരുടെ പ്രതിനിധികളുമായി 20.05.2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28.05.2019-ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽ വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ഈ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ചില ഭേദഗതികളോടെ നടപ്പിലാക്കിക്കൊണ്ട് 31.05.2019-ലെ സ.ഉ.(കൈ) നം.53/2019/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>വ്യത്യസ്തമായ യൂണിറ്റുകളായി പ്രവർത്തിച്ചുവന്നിരുന്ന സ്കൂളിനെ ഒറ്റയൂണിറ്റായി കണ്ട് അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിന് ഈ നടപടി ഉപകരിക്കുമെന്നതിനാൽ അതിൽ നിന്ന് പിന്മാറുന്ന വിഷയം പരിഗണിക്കുന്നില്ല.<br><br>ഭരണപരമായ സൗകര്യത്തിനുവേണ്ടി വിവിധ യൂണിറ്റുകളെ ഏകീകരിക്കുമ്പോൾ തന്നെ ഓരോ മേഖലയുടേയും അക്കാദമിക തനിമ നിലനിൽക്കുന്നതിനാൽ അക്കാദമിക മികവിന്റെ സാധ്യത കൂടുതൽ ഉണ്ടാവുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ